



ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

07 MARCH 2024 | VOL 03 | ISSUE 066 | 765

# ജീവൻ എടുക്കാൻ ആർക്കും അവകാശമില്ല: വത്തിക്കാൻ

വത്തിക്കാൻ സിറ്റി: ഗർഭഛിദ്രം ഭരണഘടനാപരമായ അവകാശമാക്കുന്ന ഭേദഗതിയ്ക്കു ഫ്രഞ്ച് പാർലമെൻറ് അംഗീകാരം നൽകിയതിൽ ദുഃഖം പ്രകടിപ്പിച്ച് വത്തിക്കാൻ.


ഭ്രൂണഹത്യ ഭരണഘടനാപരമായ അവകാശമായി അംഗീകരിക്കുന്ന ആദ്യത്തെ രാജ്യമായി ഫ്രാൻസിനെ മാറ്റുന്ന ഭേദഗതിക്കെതിരായ ഫ്രഞ്ച് സഭയുടെ എതിർപ്പിന് പൊന്തിഫിക്കൽ അക്കാദമി ഫോർ ലൈഫ് പിന്തുണ അറിയിച്ചു. എല്ലാ ഗവൺമെൻറുകളും വിശ്വാസ പാരമ്പര്യങ്ങളും സമാധാനത്തിനും സാമൂഹിക നീതിക്കും അനുകൂലമായ നടപടികളിലൂടെയും ജീവന്റെ സംരക്ഷണത്തിന് പരമാവധി മുൻഗണന നൽകണമെന്നു വത്തിക്കാൻ പ്രസ്താവിച്ചു.

സാർവത്രിക മനുഷ്യാവകാശങ്ങളുടെ കാലഘട്ടത്തിൽ, മനുഷ്യ ജീവനെടുക്കാൻ ആർക്കും അവകാശമില്ല. മനുഷ്യരാശിയുടെ ആദ്യ ലക്ഷ്യം ജീവന്റെ സംരക്ഷണമായിരിക്കണം.ജീവനു വേണ്ടിയുള്ള സഭയുടെ പ്രതിരോധം ഒരു പ്രത്യയശാസ്ത്രമല്ല, ഒരു യാഥാർത്ഥ്യമാണ്. എല്ലാ ക്രൈസ്തവരെയും ഉൾക്കൊള്ളുന്ന ഒരു മാനുഷിക യാഥാർത്ഥ്യമാണ്. ഐക്യദാർഢ്യം, പരിചരണം, ജീവ സംസ്കാരം തുടങ്ങിയവ ക്രിസ്ത്യാനികളുടെ സവിശേഷമായ പൈതൃകമല്ല, മറിച്ച് അത് എല്ലാവർക്കും അവകാശപ്പെട്ടതാണ്.





## CARTOON:




For CNL7 Contact : +91 98465 52220
For News : +91 99617 54528 / +91 85908 87173 cnl7news@gmail.com

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**മാർച്ച് 07**

'അവിടുത്തെ വിളിച്ചപേക്ഷിച്ചപ്പോൾ, അവിടുന്ന് സ്വർഗത്തിൽ നിന്ന് അവരുടെ പ്രാർത്ഥന കേട്ടു'.
(നെഹമ്യാ. 09:28)

# ആൾക്കൂട്ട കൊലപാതകങ്ങൾ അവസാനിക്കട്ടെ



**സജി വർഗ്ഗീസ്**
മണിയാർ

വയനാട്, പൂക്കോട് വെറ്ററിനറി സർവകലാശാല ക്യാംപസിലെ വിദ്യാർഥി ജെ.എസ്.സിദ്ധാർഥന്റെ കൊലപാതകം മനസാക്ഷിയുള്ള സകല മനസ്സുകളെയും മരവിപ്പിച്ചിരിക്കുകയാണ്. ഒരുപാട് സ്വപ്നങ്ങളുമായി കലാലയത്തിന്റെ പടികൾ ചവിട്ടിയ ചെറുപ്പക്കാരൻ. മകൻ പഠിച്ച് ബിരുദം നേടി തിരികെ വരുന്നതും കാത്ത് പ്രതീക്ഷയോടെ ഇരുന്ന മാതാപിതാക്കളുടെ മുമ്പിലേക്ക് സ്വന്തം മകന്റെ ചേതനയറ്റ ശരീരം വെള്ളപുതപ്പിച്ച് എത്തുമ്പോൾ ഒന്ന് വാവിട്ട് കരയാൻ പോലുമാകാതെ അവർ മരവിച്ചിരിക്കുകയാണ്. മറുഭാഗത്ത് 'സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം' എന്ന മുദ്രാവാക്യം ഉറക്കെ വിളിക്കുന്ന വിദ്യാർത്ഥി സംഘടന, സിദ്ധാർത്ഥിനെ ആൾക്കൂട്ട വിചാരണ നടത്തി മർദ്ദിച്ച് മരണത്തിലേക്ക് നയിച്ച പ്രതിസ്ഥാനത്ത്. ഈ കൊലപാതകത്തിലേക്ക് നയിച്ച വിദ്യാർത്ഥികളിൽ എല്ലാ മതത്തിലും പെട്ട കുട്ടികളും ഉണ്ടായിരുന്നു എന്നത് വളരെ വിചിത്രമായിരിക്കുന്നു. അല്ലെങ്കിൽ ഏതെങ്കിലും ഒരു മതത്തിന്റെ പഠിപ്പിക്കലുകൾ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന് പറഞ്ഞ് ഒഴിയാൻ ശ്രമിക്കുമായിരുന്നു. ഏതാണ്ട് നൂറ്റിയമ്പതിലധികം വിദ്യാർഥികൾ നോക്കി നിൽക്കവെയാണ് നിരായുധനും, നിരാലംബനുമായ ഒരാളെ മർദ്ദിച്ച് അവശനാക്കി മരണത്തിലേക്ക് തള്ളിവിടുന്നത് എന്നോർക്കണം. അവരിൽ ഒരാൾക്ക് പോലും ഈ വിചാരണ തടയാനോ അതിന് എതിരെ പ്രതികരിക്കാനോ കഴിഞ്ഞില്ല എന്ന് പറയുമ്പോൾ എത്ര ദയനീയമാണ് നമ്മുടെ യുവതയുടെ അവസ്ഥ? ഇസ്രായേൽ ഭീകര പ്രവർത്തകർക്ക് എതിരെ ഒരു വാക്ക് പറഞ്ഞാലോ അമേരിക്കൻ പ്രസിഡന്റ് ഏതെങ്കിലും ഒരു രാജ്യം സന്ദർശിച്ചാലോ സമൂഹമാധ്യമങ്ങളിലൂടെ വിഷ തീ തുപ്പുന്ന സൈബർ സഖാക്കളുള്ള നാടാണ് ഇതെന്നോർക്കണം. ഇത് ഒറ്റപ്പെട്ട സംഭവമാണ് എന്ന് പറഞ്ഞ് എഴുതിത്തള്ളാൻ വരട്ടെ. കേരളത്തിലെ യുവ തലമുറ എങ്ങോട്ടാണ് പോകുന്നത്? എവിടെയാണ് നമുക്ക് തെറ്റ് പറ്റിയത്?

കുട്ടികളിൽ ക്രിമിനൽ വാസന വർധിച്ചു വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ക്രിമിനൽ സ്വഭാവം ആരുടെയും ഉള്ളിൽ അന്തർലീനമായിട്ടുള്ളതല്ല. കുടുംബവും സമൂഹവും ഒക്കെ അവരെ അങ്ങനെ ആക്കുന്നതാണ്. കുടുംബങ്ങളിൽ മാതാപിതാക്കൾ ആക്രമണോത്സുകരാണെങ്കിൽ അത് കുട്ടികളിൽ സ്വാധീനം ചെലുത്തും. എങ്ങനെയും ഉയരങ്ങളിൽ എത്താനും എല്ലാം വെട്ടിപ്പിടിക്കാനും കുട്ടികളെ പ്രേരിപ്പിക്കുമ്പോൾ അവരുടെ സ്വഭാവരൂപീകരണം നന്നായി നടക്കാതെ വരുന്നു.

മറ്റൊന്ന് സമൂഹത്തിൽ അവർ സഹകരിക്കുന്ന ആളുകളുടെ സ്വാധീനമാണ്. ഇവിടെ സിദ്ധാർത്ഥിന്റെ കൊലപാതകത്തിന്റെ ഉത്തരവാദികൾ ഉൾപ്പെട്ടുനിൽക്കുന്ന സമൂഹത്തിന്റെ സ്വാധീനം എടുത്ത് പറയേണ്ടതാണ്. ഒരുകാലത്ത് ഇക്കൂട്ടർ

ശേഷം 5-ാം പേജിൽ

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

## പോർച്ചുഗൽ

| | |
|---|---|
| തലസ്ഥാനം | : ലിസ്ബൺ |
| ഭാഷ | : പോർച്ചുഗീസ്, ഇംഗ്ലീഷ് |
| ജനസംഖ്യ | : 10,247,605 |
| പ്രസിഡണ്ട് | : മാർസെലോ റെബെലോ ഡി സൗസ |
| മതം | : ക്രിസ്ത്യൻ, ജൂതർ, ഇസ്ളാം |

പോർച്ചുഗലിലെ റോമൻ കത്തോലിക്കാ സഭയിൽ ഒരു നവികരണം ഉണ്ടാകണം. പരമ്പരാഗത മത ആചാരങ്ങളിൽ മുന്നോട്ട് പോകുന്ന ജനം യഥാർത്ഥ ക്രിസ്തീയ വിശ്വാസം പ്രാപിക്കണം പ്രാർത്ഥിക്കുക.

പോർച്ചുഗീസ് ഭാഷ സംസാരിക്കുന്ന ഒരു വലിയ സമൂഹം ലോകത്തുണ്ട്. അവർക്കിടയിലേക്ക് സുവിശേഷവുമായി ആര് പോകും? രാജ്യത്തെ വിശ്വാസികൾ ഒരു വലിയ മിഷൻ ദർശനം പ്രാപിക്കണം. സുവിശേഷത്തിനുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. പ്രാർത്ഥിക്കുക.

പോർച്ചുഗീസ് ഇവാഞ്ചലിക്കൽ അലയൻസിന്റെ നേതൃത്വത്തിൽ രാജ്യത്തെ 316 കൗണ്ടികളിൽ ഓരോന്നിലും സഭകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുക.



# ദാനധർമ്മം ക്രിസ്തുവിന്റെ ജീവിതത്തിലുള്ള പങ്കാളിത്തമാണ്: പാപ്പാ

കൊളംബിയ: ലാറ്റിനമേരിക്കയിലെ സഭകളെ സഹായിക്കുന്ന വിവിധ സംഘടനകളുടെ സമ്മേളനം കൊളംബിയയിലെ ബൊഗോത്തായിൽ നാളെ സമാപിക്കും. ലാറ്റിനമേരിക്കൻ സഭകൾക്കായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ നേതൃത്വത്തിലാണ് സമ്മേളനം നടക്കുന്നത്.
സഹായം നൽകുമ്പോൾ സ്വാഭാവികമായി നമ്മിൽ ഉരുത്തിരിയുന്ന പല ചോദ്യങ്ങളുമുണ്ടാകും. എന്നാൽ ചോദ്യങ്ങൾ ക്കപ്പുറം നാം കണ്ടെത്തേണ്ടത് ദൈവീകമായ പരിപാലനമണെന്ന് പാപ്പാ പറഞ്ഞു. ദൈവമാണ് നമുക്ക് എല്ലാം നൽകുന്നത്. അങ്ങനെ സ്വീകരിക്കുന്ന വസ്തുക്കളുടെ സൂക്ഷിപ്പുകാർ മാത്രമാണ് നാം .അതിനാൽ ക്രിസ്തുവിൽ നിന്നും സ്വീകരിക്കുന്ന ഒരു വലിയ ഉത്തരവാദിത്വമാണ് നമ്മുടെ സേവനത്തിൽ നാം കാണേണ്ടതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. നമുക്ക് വേണ്ടുന്നതെല്ലാം നൽകുന്ന കർത്താവിന്റെ ദാനങ്ങളുടെ മൂർത്തീമത്ഭാവമാണ് കുരിശിലും കുർബാനയിലും നമുക്ക് കാണാൻ സാധിക്കുന്നത് . നമ്മുടെ പക്കലുള്ളതെല്ലാം ദൈവത്തിന്റേതാണ്, എന്നാൽ ഈ അവബോധം നഷ്ടപ്പെടുന്നത്, വലിയ അപകടമാണെന്നും പാപ്പാ കൂട്ടിച്ചേർത്തു. അതിനാൽ ജീവിതത്തിൽ ആരെയും ഒഴിവാക്കാതെ എല്ലാവരെയും ഉൾച്ചേർക്കുന്നതാണ് യഥാർത്ഥ സേവനമെന്നും ദാരിദ്ര്യത്തിനിടയിലും ഇപ്രകാരം മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലുവാൻ, വിശുദ്ധകുർബാന മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു.
തന്നെത്തന്നെ സമർപ്പിച്ചു കൊണ്ട് നമ്മെ രക്ഷിക്കുന്ന ക്രിസ്തുവിനെ അനുകരിക്കുവാൻ പാപ്പാ എല്ലാവരെയും ആഹ്വാനം ചെയ്തു. കുരിശിനെ ആശ്ലേഷിക്കുന്നത് പരാജയത്തിന്റെ ലക്ഷണമല്ല, അത് ഒരു നിർത്ഥകമായ ദൗത്യമല്ല, മറിച്ച് അത് ക്രിസ്തുവിന്റെ ദൗത്യത്തോടുള്ള ഐക്യപ്പെടലാണെന്നും പാപ്പാ പറഞ്ഞു.

# ക്രൈസ്തവർക്ക് നൽകിയിരുന്ന സംവരണ സീറ്റുകൾ റദ്ദാക്കി: പ്രതിഷേധവുമായി ക്രൈസ്തവർ

ഇർബിൽ: കുർദിസ്ഥാൻ പാർലമെൻറിൽ ക്രൈസ്തവർ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങൾക്ക് നൽകിവന്നിരുന്ന ന്യൂനപക്ഷ സംവരണ സീറ്റുകൾ റദ്ദാക്കാൻ തീരുമാനമെടുത്ത ഇറാഖി കോടതിയുടെ വിധിക്കെതിരെ ക്രൈസ്തവ വിശ്വാസികൾ രംഗത്ത്.
ഇർബിലിലെ ക്രൈസ്തവ ഭൂരിപക്ഷ ജില്ലയായ ഏൻകാവയിൽ നടന്ന പ്രതിഷേധ കൂട്ടായ്മയിൽ പ്രതിഷേധിക്കാനായി നൂറുകണക്കിന് ക്രൈസ്തവരാണ് ഒരുമിച്ച് കൂടിയത്. ഫെബ്രുവരി അവസാനം രാജ്യത്തെ ഫെഡറൽ സുപ്രീംകോടതിയാണ് വംശ മതന്യൂനപക്ഷങ്ങൾക്ക് കുർദിസ്ഥാൻ പ്രവിശ്യാ പാർലമെൻറിൽ നൽകിവരുന്ന സംവരണ സീറ്റുകൾ ഭരണഘടന വിരുദ്ധമാണെന്ന വിധി പ്രസ്താവന നടത്തിയത്. കോടതി വിധി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി ക്രൈസ്തവ വിശ്വാസികൾ ഏൻകാവയിലെ സെൻറ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിന് മുന്നിൽ ഒരുമിച്ചു ചേർന്നു.

ഫെഡറൽ കോടതിക്ക് ഈ തീരുമാനം പുനഃപരിശോധിക്കുവാൻ സാധിക്കുമെന്നും, എന്നാൽ മറ്റാർക്കും അപ്പീൽ നൽകാനുള്ള അവകാശം ഇല്ലെന്നും അഭിഭാഷകനും, കൽദായൻ ലീഗിൻറെ അധ്യക്ഷനുമായ ഗോരാൻ ജബ്ബാർ പറഞ്ഞു. കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഇനി ക്രൈസ്തവ സ്ഥാനാർത്ഥികൾക്ക് ന്യൂനപക്ഷ കോട്ടയിൽ മത്സരിക്കാൻ സാധിക്കില്ല.

# സർക്കാരിന്റെ പ്രഥമ പരിഗണന മനുഷ്യനോ, മൃഗങ്ങൾക്കോ? സീറോ മലബാർ സഭ

കൊച്ചി : വന്യജീവി ആക്രമണത്തെ തുടർന്ന് മരണവും കൃഷിനാശവും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട് എന്നത് രാജ്യത്തൊട്ടാകെയുള്ള മനുഷ്യ വന്യജീവി സംരക്ഷണ സംവിധാനങ്ങളും നിയമങ്ങളും സംബന്ധിച്ച് സമയം പാഴാക്കാതെ തന്നെ പുനർ വിചിന്തനം നടത്തേണ്ടതിൻറെ ആവശ്യകതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. കേരളത്തിലെ ഇരുനൂറോളം പഞ്ചായത്തുകളിലായി മുപ്പത് ലക്ഷത്തിലധികം ജനങ്ങളാണ് ഇന്ന് വന്യമൃഗ ആക്രമണ ഭീതിയിൽ കഴിയുന്നത്. മനുഷ്യരുടെ ജീവിതത്തെക്കൂടി പരിഗണിച്ചുകൊണ്ടുള്ള നിയമപരിഷ്കാരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. വനമേഖലയോട് ചേർന്ന് വസിക്കുന്നവരുടെ ജീവൻ, അവരുടെ സ്വത്ത്, ജീവനോപാധി എന്നിവയുടെ നിലനിൽപ്പ് കൂടി പരിഗണിച്ചുകൊണ്ട് 1827 ലെ ഇന്ത്യൻ ഫോറസ്റ്റ് ആക്ട്, 1972 ലെ വന്യജീവി സംരക്ഷണ നിയമം, 1980 ലെ വനസംരക്ഷണ നിയമം, 2006 ലെ വനാവകാശ നിയമം എന്നിവയെല്ലാം കേന്ദ്ര സംസ്ഥാന സർക്കാരുകൾ അടിയന്തരമായി പരിഷ്കരണങ്ങൾക്ക് വിധേയമാക്കണമെന്ന് സീറോ മലബാർ സഭ അൽമായ ഫോറം ആവശ്യപ്പെടുന്നു.

# കനത്ത ചൂട് തുടരും; എട്ട് ജില്ലകളിൽ മുന്നറിയിപ്പ്

തിരുവല്ല : സംസ്ഥാനത്ത് കനത്ത ചൂട് തുടരും. ഇന്ന് എട്ട് ജില്ലകളിൽ താപനില മുന്നറിയിപ്പ് നൽകി. സാധാരണയേക്കാൾ രണ്ട് മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്. കൊല്ലം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, പത്തനംതിട്ട, ആലപ്പുഴ, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു

# ഹൃദയസ്തംഭനം മൂലം മലയാളി ബാലിക മരിച്ചു



ദോഹ : ഖത്തറിൽ മലയാളി ബാലിക മരിച്ചു. കോഴിക്കോട് അരീക്കാട് സ്വദേശികളായ സിറാജ് ,ഷഹബാസ് ദമ്പതികളുടെ ഏഴ് വയസ്സ് മാത്രം പ്രായമുള്ള മകൾ **ജെന്ന ജമീല**യാണ് ഇന്നലെ രാത്രി ഹൃദയസ്തംഭനം മൂലം മരിച്ചത്.വീട്ടിൽ കളിച്ചുകൊണ്ടിരിക്കെ പൊടുന്നനെ കുഴഞ്ഞു വീഴുകയായിരുന്നു. ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല .പോഡാർ പേൾ സ്കൂൾ രണ്ടാം തരാം വിദ്യാർത്ഥിനിയായിരുന്നു.



# കർദിനാൾ ആംഗൽ ഫെർണാണ്ടസിന്റെ മെത്രാഭിഷേകം ഏപ്രിൽ ഇരുപതിന്

വത്തിക്കാൻ സിറ്റി : സലേഷ്യൻ സഭയുടെ റെക്ടർ മേജറായി സേവനം അനുഷ്ഠിക്കുന്ന കർദിനാൾ ആംഗൽ ഫെർണാണ്ടസിനു ഫ്രാൻസിസ് പാപ്പാ ആർച്ചുബിഷപ്പ് പദവി നൽകിക്കൊണ്ട് ഉർസോണയുടെ ശീർഷക സ്ഥാനം നൽകി.
കർദിനാൾ ആംഗൽ ഫെർണാണ്ടസിന്റെ മെത്രാഭിഷേകം ഏപ്രിൽ ഇരുപതിന് നടക്കും.

1960 ഓഗസ്റ്റ് ഇരുപത്തിയൊന്നിന് സ്പെയിനിൽ ജനിച്ച അദ്ദേഹ 2014 മാർച്ചുമാസം ഇരുപത്തിയഞ്ചിനാണ് വിശുദ്ധ ഡോൺ ബോസ്കോയുടെ പത്താമത്തെ പിൻഗാമിയായി സലേഷ്യൻ സഭയുടെ റെക്ടർ മേജറായി തിരഞ്ഞെടുക്കപ്പെടുന്നത്.2023 സെപ്റ്റംബർ 30ന് ഫ്രാൻസിസ് പാപ്പാ അദ്ദേഹത്തെ കർദിനാളായി ഉയർത്തുകയും ചെയ്തു. കർദിനാൾ പദവി ഉണ്ടായിരുന്നിട്ടും അദ്ദേഹം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടിരുന്നില്ല. 2024 മാർച്ച് അഞ്ചിനാണ് അദ്ദേഹത്തെ മെത്രാനായി പ്രഖ്യാപിച്ചുകൊണ്ടുള്ള തീരുമാനം ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചത്.

# കൊച്ചി മെട്രോയുടെ തൃപ്പൂണിത്തുറ ടെർമിനൽ പ്രധാന മന്ത്രി നാടിന് സമർപ്പിച്ചു





കൊച്ചി ;കൊച്ചി മെട്രോയുടെ തൃപ്പൂണിത്തുറ ടെർമിനൽ പ്രധാന മന്ത്രി നരേന്ദ്ര മോദി നാടിന് സമർപ്പിച്ചു. ഇന്ന് രാവിലെ പത്തിന് കൊൽക്കത്തയിൽ നിന്ന് ഓൺലൈനായാണ് പ്രധാന മന്ത്രി മെട്രോ ഫ്ളാഗ് ഓഫ് ചെയ്തത്. കൊച്ചി മെട്രോ ഒന്നാം ഘട്ടത്തിലെ അവസാന സ്റ്റേഷനാണ് തൃപ്പൂണിത്തുറ. ആലുവ മുതൽ തൃപ്പൂണിത്തുറ വരെ 28.2 കിലോമീറ്റർ ദൂരമാണ് കൊച്ചി മെട്രോയുടെ ഒന്നാംഘട്ടത്തിൽ പൂർത്തിയാകുന്നത്.



# വിശ്വാസത്തിന്റെ പേരിൽ ക്രൈസ്തവരെ പീഡിപ്പിക്കുന്നത് നിന്ദ്യം: ഐ. പി. സി.

തിരുവല്ല : തങ്ങളുടെ വിശ്വാസം തള്ളിപ്പറയാൻ ക്രൈസ്തവരെ ഭീഷണിപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്യുന്നത് നിന്ദ്യവും ഭരണഘടനാ വിരുദ്ധവുമാണെന്ന് ഇന്ത്യ പെന്തകോസ്ത് ദൈവസഭ ജനറൽ കൗൺസിൽ ഭാരവാഹികൾ പ്രസ്താവനയിലൂടെ അറിയിച്ചു. കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്ന് ഭാരവാഹികൾ ആവശ്യപ്പെട്ടു. വടക്കേ ഇന്ത്യയുടെ വിവിധ ഗ്രാമങ്ങളിൽ ക്രൈസ്തവ വിശ്വാസം തള്ളിപ്പറയാൻ ഭീഷണിപ്പെടുത്തുന്ന വാർത്ത ഞെട്ടിപ്പിക്കുന്നതാണ്. സ്വതന്ത്രമായ മതവിശ്വാസത്തിനും മതാചരണത്തിനും മതപ്രചാരണത്തിനുമുള്ള സ്വാതന്ത്ര്യം ഭരണഘടനാ നൽകുന്ന മൗലീക അവകാശമാണ്. സംസാരത്തിനും ആശയപ്രകടനത്തിനും സമാധാനപരമായി സമ്മേളിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഭരണഘടന അനുവദിക്കുന്നുണ്ട് .എന്നാൽ മർദിച്ചും ഭീഷണിപ്പെടുത്തിയും വിശ്വാസം നിഷേധിക്കാൻ ആവശ്യപ്പെടുന്നത് ജനാധിപത്യ സമൂഹത്തിനു ഭൂഷണമല്ല. കള്ളക്കേസിൽ മിഷനറിമാരെ ജയിലിൽ അടയ്ക്കുന്നതും വീടുകളിൽ കയറി തല്ലിക്കൊല്ലുന്നതും ജനാധിപത്യ പരിഷ്കൃത സമൂഹത്തിനു യോജിച്ച സംഭവമല്ല .ഇന്ത്യയിൽ ഉടനീളം നടക്കുന്ന ക്രൈസ്തവ വിരുദ്ധ ആക്രമണങ്ങളിൽ ഐ പി സി ആശങ്ക രേഖപ്പെടുത്തി.
മതേതര ഭാരതത്തിന്റെ സമാധാനത്തിനും പീഡിപ്പിക്കുന്നവരുടെ ആശ്വാസത്തിനുമായി മാർച്ച് 10 പ്രർത്ഥന ദിനമായി വേർതിരിച്ചിരിക്കുകയാണ്. അന്ന് എല്ലാ പ്രാദേശിക സഭകളിലും പ്രത്യേകം പ്രാർത്ഥന നടത്തേണ്ടതാണെന്നു ജനറൽ പ്രസിഡണ്ട് പാ.വത്സൻ ഏബ്രഹാം ,വൈസ് പ്രസിഡണ്ട് പാ.ഫിലിപ്പ് പി.തോമസ് എന്നിവർ അറിയിച്ചു.

# മുപ്പത്തി മൂന്നാമത് പ്രാർത്ഥന സംഗമം

ഷാർജ: യേശുവിൻ തൃപ്പാദത്തിൽ മുപ്പത്തി മൂന്നാമത് പ്രാർത്ഥന സംഗമം മാർച്ച് 9 ന് ഇന്ത്യൻ സമയം രാത്രി 7 ന് ഓൺലൈനായി നടക്കും .പാ.നോബിൾ കെ .തോമസ് കുമളി അനുഭവസാക്ഷ്യവും മുഖ്യ സന്ദേശവും നൽകും. റൂബൻ ജോസഫ് ഈപ്പൻ മസ്കറ്റ് ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION

07 MARCH 2024
VOL 03 | ISSUE 066 | 765

# ഭ്രൂണഹത്യ ഭരണഘടന അവകാശമാക്കുവാനുള്ള തീരുമാനത്തിനെതിരെ പ്രാർത്ഥനയ്ക്കു ആഹ്വാന വുമായി ബിഷപ്പുമാർ



പാരീസ്: ഗർഭച്ഛിദ്രം ഭരണഘടനാ അവകാശമാക്കുവാൻ ഭരണഘടനയിൽ ഭേദഗതി വരുത്താൻ പാർലമെന്റ് തീരുമാനിച്ചതോടെ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ആഹ്വാനവുമായി ഫ്രഞ്ച് ബിഷപ്പുമാർ. ഫ്രാൻസിൽ ഗർഭച്ഛിദ്രം കുറ്റകരമല്ലാതാക്കുന്ന നിയമം 1975ൽ പാസാക്കിയിട്ടുണ്ട്. എന്നാൽ, ഗർഭച്ഛിദ്രത്തിനുള്ള അവകാശം ഉറപ്പാക്കുന്നതു ഭരണഘടനയിൽ ഇല്ലായിരുന്നു. പാർലമെന്റിന്റെ ഇരു സഭകളും സംയുക്തസമ്മേളനം ചേർന്ന് നടത്തിയ അന്തിമവോട്ടെടുപ്പിൽ 72ന് എതിരെ 780 വോട്ടുകൾക്കാണ് ഭ്രൂണഹത്യ അനുകൂല ബിൽ പാസാക്കിത്. ബിൽ പാസായതോടെ ലക്ഷകണക്കിന് ജീവനെടുക്കുന്ന മാരക പാപത്തിനെതിരെ പ്രാർത്ഥനയിൽ ഒന്നിക്കാൻ ഫ്രഞ്ച് ബിഷപ്പുമാർ ആഹ്വാനം ചെയ്യുകയായിരിന്നു.

ഗർഭധാരണം മുതൽ സ്വാഭാവിക മരണം വരെ ജീവനെ ബഹുമാനിക്കണമെന്നും ജീവൻ സമ്മാനമാണെന്നും വിഷമകരമായ സാഹചര്യങ്ങളിൽ പോലും കുഞ്ഞുങ്ങളെ നിലനിർത്താൻ തിരഞ്ഞെടുക്കുന്നവരെ പിന്തുണയ്ക്കുകയും വേണമെന്നും ഫ്രഞ്ച് ബിഷപ്പ്സ് കോൺഫറൻസ് പ്രസ്താവിച്ചു.

## ട്രാൻസ്ഫോർമേഴ്സ് വി. ബി. എസ്. നേതൃത്വ ക്യാമ്പ്: മാർച്ച് 9, 16 ,23

തിരുവല്ല : നൂതന ചിന്താവിഷയവുമായി ട്രാൻസ്ഫോർമേഴ്സ് വി ബി എസ് 2024 . 'ലവ് അഡ്വെഞ്ചർ' എന്നതാണ് ഈ വർഷത്തെ ചിന്താ വിഷയം . മാർച്ച് 9 ,16 ,23 എന്നീ തീയതികളിൽ എറണാകുളം, തിരുവനന്തപുരം, തിരുവല്ല എന്നിവിടങ്ങളിൽ നേതൃത്വ ക്യാമ്പ് ട്രെയിനിങ് നടക്കും.

## ഇന്ത്യൻ സൈന്യത്തെ ഇനി രാജ്യത്ത് കണ്ടു പോകരുത്; മാലിദ്വീപ് പ്രസിഡന്റ്



മാലിദ്വീപ്: മെയ് 10ന് ശേഷം ഇന്ത്യൻ സൈനികരെ രാജ്യത്ത് കണ്ട് പോകരുതെന്ന മുന്നറിയിപ്പുമായി മാലിദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു. ചൈനയുമായി മാലിദ്വീപ് സൈനിക കരാറിൽ ഒപ്പുവെച്ചതിന് പിന്നാലെയാണ് അദ്ദേഹത്തിന്റെ പ്രസ്താവന. മെയ് 10ന് ശേഷം സാധാരണ വസ്ത്രം ധരിച്ച് പോലും ഒരു ഇന്ത്യൻ സൈനികനെ മാലിദ്വീപിൽ കണ്ടുപോകരുതെന്നാണ് മുയിസു പറഞ്ഞത്. മാർച്ച് 10നകം ഇന്ത്യൻ സൈനികരുടെ ആദ്യ സംഘത്തെ തിരിച്ചയക്കുമെന്നും മെയ് 10നകം സൈന്യത്തെ പൂർണമായും രാജ്യത്ത് നിന്ന് പുറത്താക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## 2-ാം പേജിൽ നിന്നും തുടർച്ച

നീതിയുടെയും ന്യായത്തിന്റെയും ഒക്കെ വക്താക്കളായിട്ട് നിന്നവരാണ്. സമപ്രായക്കാരുടെ സമ്മർദ്ദവും നെഗറ്റീവ് പിയർ ഗ്രൂപ്പുകളുമായുള്ള കൂട്ടുകെട്ടും അത്തരം സംഘങ്ങളിലെ പങ്കാളിത്തവും ഒക്കെ അപകടകരമായ പെരുമാറ്റങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ പ്രേരിപ്പിക്കും. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ നിന്ന് കുട്ടികളെ അകറ്റി നിർത്താൻ മാതാപിതാക്കളും അധ്യാപകരും മുൻകൈ എടുക്കണം.

നല്ല റോൾ മോഡലുകളുടെ അഭാവമാണ് മറ്റൊരു കാരണം. കുട്ടികൾ അവരുടെ ചുറ്റുമുള്ളവരെ നിരീക്ഷിച്ചും അനുകരിച്ചും പഠിക്കുന്നു. സാമൂഹിക പെരുമാറ്റവും മറ്റുള്ളവരോടുള്ള ബഹുമാനവും പ്രകടിപ്പിക്കുന്ന പോസിറ്റീവ് റോൾ മോഡലുകൾ അവർക്ക് ഇല്ലെങ്കിൽ, അവർ ഇത്തരം പ്രശ്നകരമായ പെരുമാറ്റത്തിൽ ഏർപ്പെടാനുള്ള സാധ്യത കൂടുതലാണ്.

ദാരിദ്ര്യമാണ് മറ്റൊരു കാരണം. ദാരിദ്ര്യത്തിലും ഇല്ലായ്മയിലും വളരുന്നത് പോസിറ്റീവ് വികസനത്തിനുള്ള അവസരങ്ങളെ പരിമിതപ്പെടുത്തുകയും അക്രമവും അവഗണനയും പോലുള്ള അപകട ഘടകങ്ങളുമായി സമ്പർക്കം വർദ്ധിപ്പിക്കുകയും ചെയ്യും.

മൂല്യബോധമുള്ള ചെറുപ്പക്കാരെ വാർത്തെടുക്കാൻ കൂട്ടായ ശ്രമം ആവശ്യമാണ്. മാതാപിതാക്കളും, കുടുംബവും, അദ്ധ്യാപകരും, സമൂഹവും ഒറ്റക്കെട്ടായി പ്രവർത്തിച്ചെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ. ബൈബിൾ പറയുന്നു, 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതിൽ നിന്ന് വ്യതിചലിക്കയില്ല.' (സദൃശ്യവാക്യങ്ങൾ. 22:6)

# ആറാട്ടുപുഴയിൽ മുറ്റത്ത് കൺവൻഷൻ

ആറാട്ടുപുഴ: സാരഥി ഹോട്ടലിന് സമീപം മാർച്ച് 24 ഞായറാഴ്ച വൈകിട്ട് 6.30 മുതൽ പാ. ബൈജു മാലക്കര പാർക്കുന്ന ഭവനത്തിന്റെ അങ്കണത്തിൽ കൺവൻഷൻ നടക്കും. പാ. സാം മാത്യു പ്രസംഗിക്കും. പാ. ബൈജു മാലക്കര നേതൃത്വം നൽകും

# ഏദൻ ഉൾക്കടലിൽ കപ്പലിനെതിരെ ഡ്രോൺ ആക്രമണം; ഇന്ത്യക്കാർ അടക്കമുള്ളവരെ നാവികസേന രക്ഷപ്പെടുത്തി




ഏദൻ ഉൾക്കടലിൽ ഡ്രോൺ ആക്രമണത്തിനിരയായ വ്യാപാരക്കപ്പലിലെ 13 ഇന്ത്യക്കാർ ഉൾപ്പെടെയുള്ള 23 പേരെ ഇന്ത്യൻ നാവികസേന രക്ഷപ്പെടുത്തി. മാർച്ച് 4 ന് ഡ്രോൺ ആക്രമണത്തെ തുടർന്ന് ലൈബീരിയൻ പതാകയുള്ള വാണിജ്യ കപ്പലിനെ അഗ്നിക്കിരയാക്കിയതായി നാവികസേന പ്രസ്താവനയിൽ പറഞ്ഞു. സമുദ്ര സുരക്ഷാ പ്രവർത്തനങ്ങൾക്കായി മേഖലയിൽ വിന്യസിച്ചിരിക്കുന്ന ഐഎൻഎസ് കൊൽക്കത്തയാണ് കപ്പലിലുള്ളവരെ രക്ഷപ്പെടുത്തിയത്.
'ഐഎൻഎസ് കൊൽക്കത്തയിൽ നിന്നുള്ള 12 പേരടങ്ങുന്ന ഒരു പ്രത്യേക അഗ്നിശമന സംഘം മാർച്ച് 5 ന് അതിരാവിലെ തീ അണയ്ക്കാനുള്ള ശ്രമങ്ങളിൽ സഹായിക്കാനായി പുറപ്പെട്ടു. ശേഷിക്കുന്ന അപകടസാധ്യതകൾ വിലയിരുത്തുന്നതിനുള്ള സഹായം നൽകുന്നതിനായി ഒരു സ്പെഷ്യലിസ്റ്റ് എക്സ്പ്ലോസീവ് ഓർഡനൻസ് ഡിസ്പോസൽ ടീമും കപ്പലിൽ കയറി,' പ്രസ്താവനയിൽ നാവികസേന പറഞ്ഞു.
ചെങ്കടലിലെ വിവിധ വാണിജ്യ കപ്പലുകൾക്ക് നേരെ ഹൂതി തീവ്രവാദികൾ നടത്തിയ ആക്രമണത്തെക്കുറിച്ചുള്ള ആഗോള ആശങ്കകൾക്കിടയിലാണ് പുതിയ സംഭവം. ഏദനിൽ നിന്ന് ഏകദേശം 90 നോട്ടിക്കൽ മൈൽ തെക്കുകിഴക്കായി സഞ്ചരിക്കുന്നതിനിടെയായിരുന്നു കപ്പലിനെതിരായ ആക്രമണം. 'ഡ്രോൺ / മിസൈൽ ആക്രമണം കാരണം തീപിടുത്തമുണ്ടായതായി നാവികസേന അറിയിച്ചു.

# ആനുകൂല്യങ്ങളുമായി സൗദി സ്റ്റുഡന്റ് വിസ: ജോലി ചെയ്യാം, കുടുംബത്തെകൊണ്ടുവരാം




റിയാദ് : സൗദി യൂണിവേഴ്സിറ്റികളിലേക്ക് വിദേശ വിദ്യാർഥികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച സ്റ്റുഡന്റ് വിസയിൽ ആനുകൂല്യങ്ങളേറെ. കോഴ്സ് കാലാവധി അവസാനിക്കുന്നത് വരെ പുതുക്കാവുന്ന വിസകളാണ് വിദ്യാർഥികൾക്ക് ലഭിക്കുകയെന്നും ഇതുവഴി പാർട്ടൈം ജോലി ചെയ്യാമെന്നും ഡയറക്ടർ ഓഫ് എജ്യുക്കേഷൻ ഇനീഷ്യേറ്റീവ് ഡയറക്ടർ സാമി അൽഹൈസൂനി വ്യക്തമാക്കി.
സ്റ്റഡി ഇൻ സൗദി അറേബ്യ എന്ന പ്ലാറ്റ്ഫോം വഴി വളരെ വേഗം ലഭ്യമാകുന്ന വിസക്ക് മറ്റു വിസകളെ പോലെ സ്പോൺസറെ ആവശ്യമില്ല. വിസ കാലാവധിയിൽ എത്ര പ്രാവശ്യവും സൗദിക്ക് പുറത്ത് പോയി വരാം. ചെറിയ കാലാവധിയുള്ള വിസകൾ ഒരു വർഷം വരെ പുതുക്കാം. അതോടൊപ്പം പാർട് ടൈം ജോലിയും ചെയ്യാം. കുടുംബത്തെ കൊണ്ടുവരാം. വിദേശ വിദ്യാർഥികൾക്ക് സർവകലാശാലകൾ നിരവധി വിനോദ, ടൂറിസം പരിപാടികളും വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ 16 വയസ്സിന് മുകളിലുള്ളവർക്ക് മാത്രമേ സൗദി സർവകലാശാലകളിൽ പഠനത്തിന് അനുമതി ലഭിക്കുകയുള്ളൂ. ലോകത്തെ പ്രമുഖ വിദ്യാഭ്യാസ ഹബ്ബായി സൗദിയെ ഉയർത്തുകയെന്നതാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിനകം മിക്ക യൂണിവേഴ്സിറ്റികളിലും വിവിധ തരം കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.
സൗദി മന്ത്രിസഭ തീരുമാനമനുസരിച്ച് ഒരു വർഷമോ അതിലധികമോ കാലാവധിയുള്ള വിസകളാണ് അനുവദിക്കുന്നത്. അക്കാദമിക് ബിരുദങ്ങളടക്കം ദീർഘകാല പഠനത്തിനോ ഗവേഷണ സന്ദർശനത്തിനോ ഇതുപയോഗിക്കാം. ഗവേഷകർക്കും പരിശീലകർക്കും ഷോർട്ട് ടേം കോഴ്സുകാർക്കും ആറു മാസത്തേക്ക് വീണ്ടും പുതുക്കാവുന്ന വിസകളും ലഭിക്കും. സ്റ്റഡി ഇൻ സൗദി അറേബ്യ പ്ലാറ്റ്ഫോം വഴിയാണ് വിസകൾ ലഭ്യമാകുക. സൈറ്റിൽ കയറി കോഴ്സ് തെരഞ്ഞെടുത്ത ശേഷമാണ് വിസക്ക് അപേക്ഷിക്കേണ്ടത്. വിസ ഓൺലൈനായി ഉടൻ ലഭിക്കും. വിദ്യാഭ്യാസ, വിദേശകാര്യ മന്ത്രാലയങ്ങൾ സംയുക്തമായാണ് വിസകൾ അനുവദിക്കുന്നത്. നിലവിൽ സൗദി സർവകലാശാലകളിൽ 160 രാജ്യങ്ങളിൽ നിന്നായി എഴുപതിനായിരം വിദേശവിദ്യാർഥികളാണ് പഠിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

07 MARCH 2024
VOL 03 | ISSUE 066 | 765

### ശതാബ്ദി ആഘോഷിക്കുന്ന മലയാള പെന്തക്കോസ്തിന്റെ ചരിത്രത്തോടൊപ്പം നടന്ന ദൈവ മനുഷ്യൻ മനസ്സ് തുറക്കുന്നു...



# നൂറിന്റെ നിറവിൽ പാസ്റ്റർ. എം. വി. വർഗീസ്

**അവതാരകൻ : എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ ഷാജൻ പാറക്കടവിൽ**

**ഉടൻ വരുന്നു... ക്രിസ്ത്യൻ ലൈവ് മീഡിയ ഒരുക്കുന്ന ഈ പ്രത്യേക ഇന്റർവ്യൂ കാണാതെ പോകരുത്...!**

## മസ്തിഷ്കാഘാതത്തെ തുടർന്ന് മലയാളി മരിച്ചു




കുവൈറ്റ് സിറ്റി : ചെങ്ങന്നൂർ പാണ്ടനാട് കൂടമ്പള്ളത്ത് സിജു വില്ലയിൽ ലൂയിസ് കെ. ഏബ്രഹാമിന്റെ മകൻ **സിജു കെ. എബ്രഹാം** (42 ) മസ്തിഷ്ക ആഘാതത്തെ തുടർന്ന് നിര്യാതനായി.ഫർവാനിയ ഷെഫ് നൗഷാദ് റെസ്റ്റോറന്റ് അക്കൗണ്ട്സ് മാനേജർ ആയിരുന്നു. മുബാറക് അൽ കബീർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഇന്നലെ രാവിലെയാണ് മരിച്ചത്.

# ക്രിസ്തു മനുഷ്യരുടെ സാമൂഹ്യ സാമ്പത്തികബൗദ്ധിക ദാരിദ്ര്യത്തിന് പരിഹാരം: പാ. പ്രിൻസ് തോമസ്

ഗ്രേയ്റ്റർ നോയിഡ : സമ്പന്നതയിൽ ദൈവത്തെ കാണാനാവില്ലെന്നും സാമ്പത്തിക പരാധീനതകളിൽ ജീവിച്ചവരാണ് ആദ്യകാലങ്ങളിൽ പെന്തക്കോസ്ത് വിശ്വാസത്തെ പുൽകിയതെന്നും പാസ്റ്റർ പ്രിൻസ് തോമസ് പ്രസ്താവിച്ചു. ഗ്രേയ്റ്റർ നോയിഡയിൽ നടന്നുകൊണ്ടിരിക്കുന്ന ഹാർവെസ്റ്റ് മിഷൻ ഫെസ്റ്റിവലിൽ രണ്ടാം രാത്രി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സാമ്പത്തിക പുരോഗതി മാത്രമല്ല അനുഗ്രഹങ്ങൾ. സാമൂഹ്യസാമ്പത്തിക മാനസിക ബൗദ്ധിക മേഖലകളിലെല്ലാം വിജയം കൈവരിക്കേണ്ടതായിട്ടുണ്ട്. ആശയ പാപ്പരത്തവും ബൗദ്ധിക മേഖലകളിലെ അപചയവും സാമൂഹ്യ ജീവിതത്തിൽ ഒരു ദാരിദ്യം തന്നെയാണ്. മാനസിക പ്രശ്നങ്ങൾക്ക് അടിമപ്പെട്ട് കഴിയുന്നവരും വിഷാദ രോഗങ്ങൾക്ക് വിധേയരായവരും ഒരു വിധത്തിൽ മാനസിക ദാരിദ്ര്യമനുഭവിക്കുന്നവരാണ്. ജാതിവ്യവസ്ഥയുടെ തിക്താനുഭവങ്ങളിലൂടെ കടന്നുപോകുന്നവർ ഇന്നുമുണ്ട്. തൊഴിൽ മേഖലയിലെ വിവേചനങ്ങൾ അനുഭവിക്കുന്നവരും സാമൂഹ്യദാരിദ്ര്യം പേറുന്നവരാണ്. രാഷ്ട്രീയ മേഖലകളിൽ മൈനോറിറ്റി ആയ നമുക്ക് അവരിൽ നിന്ന് നീതി നിഷേധം ഉണ്ടാകുമ്പോഴും ഒറ്റപ്പെടുത്തുമ്പോഴും അതും ജീവിതത്തിലെ ദാരിദ്ര്യമായി പരിണമിക്കുന്നു. ശാരീരിക വൈകല്യങ്ങളും രോഗാവസ്ഥകളും ജീവിതത്തിലെ മറ്റൊരു ഭാരിദ്ര്യ മുഖമാണ്. ഇതിനെല്ലാം പരിഹാരം ക്രിസ്തുവിലൂടെ മാത്രമേ സാധ്യമാകൂവെന്ന് പാസ്റ്റർ പ്രിൻസ് പറഞ്ഞു.പാസ്റ്റർ ജോൺസൺ രാമചന്ദ്രൻ പ്രസംഗം പരിഭാഷപ്പെടുത്തി. ഉച്ചയ്ക്ക് നടന്ന സെമിനാറിൽ ഐ.സി.എച്ച്. ആർ സീനിയർ അക്കാദമിക് ഫേലോ ഡോ. ഓമന റസ്സൽ പ്രസംഗിച്ചു.

## നിത്യതയിൽ



ന്യൂയോർക്ക് : ന്യൂയോർക്ക് കോർണർ സ്റ്റോൺ സഭാംഗം മൂവാറ്റുപുഴ വെള്ളോലിപ്പിൽ **വി. സി. ജോർജ്** (91) നിര്യാതനായി.വെള്ളിയാഴ്ച്ച വ്യൂയിങ്ങും,ശനിയാഴ്ച്ച സംസ്കാര ശുശ്രൂഷയും ഹിക്സ് വില്ലെ കോർണർ സ്റ്റോൺ ചർച്ചിൽ നടക്കും.

07 MARCH 2024
VOL 03 I ISSUE 066 I 765

# സംസ്ഥാന സർക്കാർ തീരുമാനം സ്വാഗതാർഹം: പെന്തകോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ

തിരുവല്ല : ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥയെപ്പറ്റി പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ വിലയിരുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള കമ്മിറ്റിയെ നിയമിച്ച സംസ്ഥാന സർക്കാർ നടപടിയെ പെന്തകോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ കേരളാ സ്റ്റേറ്റ് സ്വാഗതം ചെയ്തു. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് പത്തു മാസം കഴിഞ്ഞിട്ടും ശുപാർശകൾ നടപ്പിലാക്കാത്തതിനെതിരെ ക്രൈസ്തവ സംഘടനകൾ ശക്തമായ പ്രതിഷേധം ഉയർത്തിയിരുന്നു. തിടുക്കത്തിൽ എടുത്ത ഈ നടപടി തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് കണ്ണിൽ പൊടിയിടാൻ മാത്രമാകരുതെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു. ക്രൈസ്തവർ നിർണ്ണായകമായ മണ്ഡലങ്ങളിൽ ജെ ബി കോശി കമ്മീഷൻ റിപ്പോർട്ടും വന്യജീവി ആക്രമണവും മുഖ്യ ചർച്ചാ വിഷയമാകുമെന്ന് മനസ്സിലാക്കിയാണ് സർക്കാരിന്റെ ചടുലമായ നീക്കമെന്ന് പിസിഐ വിലയിരുത്തി. റിപ്പോർട്ടിലെ മുഴുവൻ ശുപാർശകളും പുറത്ത് വിടണം. ഉടൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം വരുമെന്നതിനാൽ പിന്നെയും കാലതാമസം എടുക്കുമെന്നും സഭ ആശങ്കപ്പെടുന്നു. റിപ്പോർട്ടിലെ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിൽ ഉടൻ തീരുമാനം ഉണ്ടാകണം. പരിവർത്തിത ക്രൈസ്തവ വിദ്യാർഥികളുടെ ആനുകൂല്യങ്ങൾ പുനസ്ഥാപിക്കുക, ന്യൂനപക്ഷ വിദ്യാഭ്യാസ സ്കോളർഷിപ്പ് വിഷയത്തിൽ കേരളാ സർക്കാർ സുപ്രീം കോടതിയിൽ നൽകിയ അപ്പീൽ പിൻവലിക്കുക തുടങ്ങിയ വിഷയങ്ങളിൽ സത്വരമായ നടപടി ഉണ്ടാകണമെന്നും പിസിഐ ആവശ്യപ്പെട്ടു.
പ്രസിഡന്റ് പാസ്റ്റർ നോബിൾ പി തോമസ്, ജനറൽ സെക്രട്ടറി ജെയ്സ് പാണ്ടനാട്, പാസ്റ്റർമാരായ തോമസ് എം പുളിവേലിൽ, ഫിന്നി പി മാത്യു, ജിജി ചാക്കോ, രാജീവ് ജോൺ, അനീഷ് കൊല്ലങ്കോട്, ടി വൈ ജോൺസൺ, ബിനോയ് ചാക്കോ, ആർ സി കുഞ്ഞുമോൻ, സതീഷ് നെൽസൺ, പി കെ യേശുദാസ്, പി ടി തോമസ്, ജോമോൻ ജോസഫ് എന്നിവർ പങ്കെടുത്തു.

# ഇൻഡിഗോ വിമാനത്തിൽ പുക വലിച്ച യാത്രക്കാരൻ അറസ്റ്റിൽ

മുംബൈ : റിയാദിലേക്കു പുറപ്പെട്ട ഇൻഡിഗോ വിമാനത്തിനുള്ളിൽ ടോയ്‌ലെറ്റിൽ ബീഡി വലിച്ച മുഹമ്മദ് ഫക്രുദ്ധീനെന്ന 42 കാരൻ അറസ്റ്റിൽ. ദൽഹിയിൽ നിന്നും പുറപ്പെട്ടു മുബൈ വഴി റിയാദിലേക്കു പോകുന്ന ഇൻഡിഗോ വിമാനത്തിലാണ് സംഭവം നടന്നത്. ക്യാബിനുള്ളിൽ രൂക്ഷമായ ഗന്ധം നിറഞ്ഞതിനു പിന്നാലെ ജീവനക്കാർ നടത്തിയ പരിശോധനയിലാണ് ബീഡി വലിച്ചത് കണ്ടെത്തിയത്. വിമാനം മുംബൈയിൽ ലാൻഡ് ചെയ്തതിനു പിന്നാലെ പ്രതിയെ പോലീസിന് കൈമാറി. ഇന്ത്യൻ ശിക്ഷ നിയമത്തിലെ 336 , എയർ ക്രാഫ്റ്റ് ആക്ട് എന്നിവ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ പ്രകാരമാണ് മുഹമ്മദ് ഫക്റുദ്ധീന് എതിരെ കേസെടുത്തിരിക്കുന്നതു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു.

# ഉക്രൈൻ യുദ്ധത്തിൽ അറുനൂറോളം കുട്ടികൾക്ക് ജീവൻ നഷ്ടമായി

ഉക്രൈൻ : ഏകദേശം രണ്ടു വർഷത്തോളമായി റഷ്യ ഉക്രൈൻ സംഘർഷം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഏകദേശം അറുനൂറോളം കുട്ടികൾ കൊല്ലപ്പെട്ടതായി കുട്ടികളെ സംരക്ഷിക്കുക എന്ന സംഘടന പുറത്തുവിട്ട കണക്കുകൾ പറയുന്നു. അതിനാൽ യൂറോപ്യൻ യൂണിയൻ കുട്ടികൾക്കുള്ള സംരക്ഷണം നൽകുന്ന നടപടികൾ വിപുലീകരിക്കുവാനും സംഘടന ആവശ്യപ്പെടുന്നു. യുദ്ധമുഖത്തു നിന്നും മറ്റു യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ സുരക്ഷ തേടുന്നവർക്ക് ഒരു വർഷത്തെ താൽക്കാലിക സംരക്ഷണം മാത്രമേ ലഭിക്കുന്നുള്ളുവെന്നിരിക്കെ, വീണ്ടും യുദ്ധസാഹചര്യങ്ങളിലേക്ക് മടങ്ങുവാൻ അവർ നിർബന്ധിതരാകുന്നു. ഇത് കൂടുതൽ അപകടങ്ങൾ സൃഷ്ടിക്കുന്നു.
2022 മാർച്ച് 4ന് യൂറോപ്യൻ കൗൺസിൽ താൽക്കാലിക സംരക്ഷണ നിർദ്ദേശം സജീവമാക്കിയെങ്കിലും, ഭാവിയിലേക്കുള്ള സംരക്ഷണകാര്യങ്ങളിൽ ഇതുവരെ ഉറപ്പുകളൊന്നും നൽകിയിട്ടില്ല. അതിനാൽ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ദീർഘകാല സംരക്ഷണത്തിനായുള്ള ആവശ്യവും സംഘടന മുൻപോട്ടു വയ്ക്കുന്നു.
കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ, 592 ആൺകുട്ടികളും പെൺകുട്ടികളും കൊല്ലപ്പെടുകയും ആയിരക്കണക്കിന് ആളുകൾക്ക് പരിക്കേൽക്കുകയും, ലക്ഷക്കണക്കിനു കുട്ടികൾ മറ്റു സ്ഥലങ്ങളിലേക്ക് പലായനം ചെയ്യുകയും ചെയ്തു. സംഘർഷം അവസാനിക്കുന്നതിന്റെ സൂചനകളൊന്നും കാണിക്കാത്തതും ഇപ്രകാരമുള്ള സംരക്ഷണ നടപടികളുടെ ആവശ്യകത എടുത്തുകാണിക്കുന്നു.

## മാട്രിമോണിയൽ

യുകെയിലുള്ള പെന്തക്കോസ്ത് യുവതി (26, ബി എസ് സി നേഴ്സ്, 157 cm) ക്ക് ആത്മിയരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: +91 96564 04296, +44 7867 038800






തയ്യാറാക്കിയത്:
സിസ്റ്റർ രേഖ സജിമോൻ

## ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: യെശയ്യാവ് 7 - 9

1) യോഥാമിന്റെ പിതാവ് ആര്?
2) വിശ്വസ്തസാക്ഷികളാർ?
3) ഹീനത വരുത്തിയ ദേശം?
4) ദഹിച്ചു പോയിരിക്കുന്നത് എന്ത്?
5) ക്ഷയിച്ചു പോകരുതാത്തതെന്തു?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1) കുറ്റി (യെശ. 6:13)
2) സാറാഫുകൾ (യെശ. 6:2)
3) നിഗളികൾ (യെശ. 5:15)
4) തീനാവു (യെശ. 5:24)
5) ജനസമൂഹം (യെശ. 5:13)


Your health, right away.
BROSCO
PHARMACY
BROSCO PHARMACY
നിങ്ങൾ ആശങ്കയിലാണോ...?
നാട്ടിലെ കാര്യം ഓർത്തിട്ടാണോ...?
ഞങ്ങളുണ്ടന്നേ ഒരു വിളിപ്പാടകലെ..!!
SPECIAL DISCOUNT
Medicines (13% - 40%)
Baby Food (4% - 6%)
Adult Diaper (53%)
Ortho Supports (15% - 20%)
Underpads (64%)
Baby Care (8% - 10%)
Pullups (48%)
Insulin (18% - 45%)
BROMED
Adult Pull Up (Pants)
നിങ്ങളുടെ പ്രീയപ്പെട്ടവർക്ക് വേണ്ടുന്ന എല്ലാ മെഡിസിനും
മറ്റനുബന്ധ സാധനങ്ങളും
ഉത്തരവാദിത്വത്തോടെ നിങ്ങളുടെ വീടുകളിൽ
എത്തിക്കും ബ്രോസ്കോ ഫാർമസി.
വിശ്വാസ്യതയുടെ പര്യായം
HOME CARE PRODUCTS AVAILABLE
Feminine Hygiene Items
Oxygen Concentrator
Nutrition Supplements
Orthopaedic Items
Cosmetic Items
Baby Food
Baby Care Items
Veterinary Medicine
Ayurveda Medicines
Wheel Chairs & Walkers
FREE HOME DELIVERY
Within 5km Radius
ORDER NOW
CAL US : +91-6238062257
PATHANAMTHITTA
Maniyatt Building,
Near St. Peters Junction,
Pathanamthitta , Kerala
Call : +91- 7025588926
VADASSERIKKARA
Maniyatt Plaza,
Mannarakulanji Pamba Road,
Vadasserikkara , Kerala
Call : +91- 8590634011
KUMBANAD
Ikkara Peneal,
Near Quality Super Bazar
Kumbanad , Kerala
Call : +91- 7012761613
RANNI
Pearl Square Building,
Thottamon, Near SBI Bank,
Blockpadi Junction, Ranni
Call : +91- 8590628255